**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3815** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടയഭൂമിയിലെ അനധികൃത മരം മുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഭൂമിയിലെ മരം മുറിക്കാനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപയുടെ മരം അനധികൃതമായി മുറിച്ചുമാറ്റിയതായാണ് കണ്ടെത്തിയിട്ടുള്ളത്; | (എ) | വനം വകുപ്പ് വിജിലൻസ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിലേയ്ക്ക് നൽകിയ പ്രാഥമിക റിപ്പോർട്ട് പ്രകാരം ഏകദേശം 1441.75 ലക്ഷം രൂപയുടെ മരങ്ങളാണ് മുറിച്ചുമാറ്റിയതായി കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് തുടരന്വേഷണം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ നടത്തി വരുന്നുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട വിവിധ ഫോറസ്റ്റ് റേഞ്ചുകളിലായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ബി) | ലഭ്യമായ വിവരങ്ങൾ പ്രകാരം ഇതുമായി ബന്ധപ്പെട്ട 30.07.2021 വരെ 570 കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | അനധികൃത മരം മുറി തടയുന്നതിൽ വീഴ്ച വരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | (സി) | 2 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വനം ചെക്ക് പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറേയും, ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ1-3896/2021 തീയതി 28.06.2021 ഉത്തരവ് പ്രകാരം അന്വേഷണവിധേയമായി സേവനത്തിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ